I ഇ.ബി. XIII-കേരള നിയമസഭ/XIII-4

# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 മാർച്ച് 11, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട പ്രോട്ടെം സ്പീക്കർ ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### ചെയർമാൻമാരുടെ പാനൽ

ശ്രീ. പാലോട് രവി, ഡോ. എൻ. ജയരാജ്, ശ്രീമതി കെ. എസ്. സലീഖ എന്നീ അംഗങ്ങളെ പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനകാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

### അടിയന്തര പ്രമേയം

#### ചന്ദ്രബോസിന്റെ കൊലപാതകം

മി. പ്രോട്ടെം സ്പീക്കർ: സെക്യൂരിറ്റി ജീവനക്കാരൻ ചന്ദ്രബോസിനെ കാറിടിച്ച് വീഴിച്ചും വലിച്ചിഴച്ചും അതിക്രൂരമായി മർദ്ദിച്ചും കൊലപ്പെടുത്തിയ

വിവാദ വ്യവസായി മുഹമ്മദ് നിസാമിനെ രക്ഷിക്കാൻ ഭരണകക്ഷി നേതാക്കളും പോലീസും ഒത്തുകളിച്ച് കേസ് അട്ടിമറിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ബാബു എം. പാലിശ്ശേരി, വി. എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): തൃശ്ശൂർ ശോഭാസിറ്റി സമുച്ചയത്തിലെ താമസക്കാരനായ മുഹമ്മദ് നിസാം കാറോടിച്ച് ഫ്ലാറ്റിൽ വന്ന സമയം ഗേറ്റ് തുറക്കാൻ വൈകിയതിന്റെ പേരിൽ സെക്യൂരിറ്റി ജീവനക്കാരായ അനൂപ്, ചന്ദ്രബോസ് എന്നിവരെ ദേഹോപദ്രവം ഏൽപ്പിക്കുകയും ഓടിരക്ഷപ്പെടാൻ ശ്രമിച്ച ചന്ദ്രബോസിനെ പിന്തുടർന്ന മുഹമ്മദ് നിസാം ശോഭാസിറ്റിയുടെ മുൻവശത്തുള്ള ഫൗണ്ടന്റെ ചുറ്റുമതിലിനോട് ചേർത്ത് കാറുകൊണ്ടിടിച്ച് ഗുരുതരമായി പരിക്കേൽപ്പിക്കുകയും ചെയ്തു. സെക്യൂരിറ്റി ജീവനക്കാരനായ അനൂപ് പേരാമംഗലം പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയെത്തുടർന്ന് വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ

ചെയ്യുകയും ചികിത്സയിലിരിക്കെ ചന്ദ്രബോസ് മരണപ്പെട്ടതിനെത്തുടർന്ന് 302 ഐ.പി.സി. ചേർത്ത് കോടതിയിൽ റിപ്പോർട്ട് നൽകുകയും മുഹമ്മദ് നിസാമിനെ നിയമാനുസൃതം അറസ്റ്റുചെയ്ത് കോടതി മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. നോർത്ത് എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ കേസന്വേഷണം ഊർജ്ജിതമായി നടന്നുവരികയാണ്. പ്രതിക്കെതിരെ 'കാപ്പ' ആക്ടുപ്രകാരം നടപടി സ്വീകരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി തൃശ്ശൂർ ജില്ലാ കളക്ടർ ഡിറ്റെൻഷൻ ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. മുഹമ്മദ് നിസാമുമായി ബന്ധപ്പെട്ട എല്ലാ കേസ്സുകളും പരിശോധിക്കാൻ വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും വിജിലൻസ് അന്വേഷണത്തിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിസാം നടത്തിയിട്ടുള്ള സാമ്പത്തിക ഇടപാടുകളെക്കുറിച്ച് സി.ബി.സി.ഐ.ഡി (ഇക്കണോമിക് ഒഫൻസ്) വിംഗിനെക്കൊണ്ട് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കേസന്വേഷണം നീതിപൂർവ്വവും സ്വതന്ത്രവുമായി നടത്താനും പ്രതിക്ക് പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കാനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: വാഹനമോടിച്ചുവന്ന മുഹമ്മദ് നിസാം

ശോഭാസിറ്റി സമുച്ചയത്തിലെ സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസിനെ 2015 ജനുവരി 29-ന് അതിക്രൂരമായി മർദ്ദിച്ച് അവശനാക്കുകയും തുടർന്ന് അദ്ദേഹം ആശുപത്രിയിൽവച്ച് മരണപ്പെടുകയും ചെയ്തു. അതിക്രൂരവും മൃഗീയവുമായ ഈ കൊലപാതകത്തെ ക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം. മർദ്ദനമേറ്റശേഷം 16 ദിവസം ജീവിച്ചിരുന്നിട്ടും പോലീസ് മരണമൊഴി എടുക്കാത്തതിൽ ദുരൂഹതയുണ്ട്. മരണമൊഴി എടുക്കാത്ത സർക്കിൾ ഇൻസ്പെക്ടറെ അന്വേഷണ ചുമതലയിൽ നിന്നും പിൻവലിക്കുന്നതിനും മർദ്ദനമേറ്റപ്പോൾ ചന്ദ്രബോസ് ധരിച്ചിരുന്ന വസ്ത്രങ്ങൾ കസ്റ്റഡിയിൽ എടുക്കുന്നതിനും നടപടി സ്വീകരിക്കണം. നിസാമിനെതിരെ 'കാപ്പ' ചുമത്താൻ കാലതാമസം ഉണ്ടായതിനുള്ള കാരണം വിശദീകരിക്കണം. നിസാമിന്റെ ഭാര്യയെ കൂട്ടുപ്രതിയാക്കുന്നതിനും ഫോൺകോൾ ലിസ്റ്റുകൾ പരിശോധിക്കുന്നതിനും സ്പെഷ്യൽ പോലീസ് ടീമിനെ നിയോഗിച്ച് ഈ കേസ് സമഗ്രമായി അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കണം. കേസന്വേഷണം അട്ടിമറിക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസ് ഇടപെട്ടതായുള്ള ഗവണ്മെന്റ് ചീഫ് വിപ്പിന്റെ വെളിപ്പെടുത്തലിനെക്കുറിച്ചും നിസാമിനെ ശ്രീ. പി. എ. മാധവൻ

എം.എൽ.എ. ജയിലിൽ പോയി കണ്ടെന്ന ആരോപണത്തെക്കുറിച്ചും പരിശോധിക്കണം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

## വ്യക്തിപരമായ വിശദീകരണം

ശ്രീ. പി. സി. ജോർജ്: അന്വേഷണം അട്ടിമറിക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസ് ഇടപെട്ടുവെന്ന പരാമർശം നടത്തിയതായി തെളിയിക്കുകയാണെങ്കിൽ ഞാൻ എം.എൽ.എ. സ്ഥാനം രാജിവയ്ക്കാൻ തയ്യാറാണ്. ഭരണ-പ്രതിപക്ഷ കക്ഷിയിൽപ്പെട്ട പല പ്രമുഖരും ഇതിൽ പങ്കാളികളാണെന്ന് പറഞ്ഞ കാര്യത്തിൽ ഉറച്ചുനിൽക്കുന്നു. കൊട്ടുംക്രൂരത നടത്തിയ നിസാമിനെ സഹായിക്കുന്ന നടപടി ആര് സ്വീകരിച്ചാലും അത് തെറ്റാണെന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. പി. എ. മാധവൻ: ചന്ദ്രബോസിന്റെ കൊലയാളി നിസാമിനെ ഞാൻ ജയിലിൽ പോയി കണ്ടുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. 03-02-2015-ന് നടന്ന ജയിൽ അഡ്വൈസറി ബോർഡ് യോഗത്തിൽ പങ്കെടുക്കാൻവേണ്ടിയാണ് ഞാൻ ജയിലിൽ പോയത്. എനിക്കെതിരെ

ഉന്നയിച്ച ആരോപണം തെളിയിക്കപ്പെട്ടാൽ പൊതുജീവിതം അവസാനിപ്പിക്കാൻ തയ്യാറാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ചന്ദ്രബോസ് കൊലപാതകക്കേസിലെ പ്രതിക്ക് പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കണമെന്നതാണ് സർക്കാരിന്റെ നിലപാട്. നടപടിക്രമങ്ങൾ പാലിക്കാതെ ആരുടെയും പേരിൽ 'കാപ്പ' ചുമത്താൻ സാധിക്കുകയില്ല. മരണപ്പെടുന്നതുവരെ ഐ.സി.യു-വിലും വെന്റിലേറ്ററിലുമായി ചികിത്സയിലായിരുന്ന ചന്ദ്രബോസ് അശക്തനാണെന്ന് ഡോക്ടർമാർ അറിയിച്ചതിനാൽ മൊഴി രേഖപ്പെടുത്താൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ സഹോദരന്റെ വെളിപ്പെടുത്തൽ മരണമൊഴിയായി സ്വീകരിക്കാവുന്നതാണ്. വസ്ത്രങ്ങൾ നഷ്ടപ്പെട്ടത് കേസന്വേഷണത്തെ ഒരു തരത്തിലും ബാധിക്കുകയില്ല. പ്രതിയുടെ വാഹനം സംഭവ ദിവസംതന്നെ ബന്തവസ്സിലെടുത്ത് പരിശോധന നടത്തിയിട്ടുണ്ട്. കുറ്റകൃത്യത്തിലേർപ്പെട്ടതിനുള്ള തെളിവില്ലാത്തതിനാലാണ് പ്രതിയുടെ ഭാര്യയെ കൂട്ടുപ്രതി ചേർക്കാത്തത്. സാധാരണ തടവുകാർക്ക് നൽകുന്ന പരിഗണന മാത്രമാണ് ജയിലിൽ നിസാമിന് നൽകിയിട്ടുള്ളത്. മുഖ്യമന്ത്രിയുടെ ഓഫീസോ എം.എൽ.എ.മാരോ സംസ്ഥാന പോലീസ്

മേധാവിയോ കേസന്വേഷണത്തിൽ ഇടപെട്ടിട്ടില്ല. നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണമാണ് ഇക്കാര്യത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): ചന്ദ്രബോസിന്റെ ചികിത്സാ ചെലവ് മുഴുവൻ സർക്കാരാണ് വഹിച്ചത്. ഇനിയും തുക നൽകാനുണ്ടെങ്കിൽ അതും നൽകുന്നതാണ്. ക്രൂരമായ കൊലപാതകം നടത്തിയ പ്രതിയുടെ പേരിൽ 'കാപ്പ' ചുമത്തുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ച് കടുത്ത ശിക്ഷ വാങ്ങിക്കൊടുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ കേസുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് മേധാവിക്കെതിരെ ഉയർന്നുവന്ന ആരോപണങ്ങൾ അടിസ്ഥാന രഹിതമാണ്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും

അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ

### (1) നിർമ്മാണ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. മുരളീധരൻ: സംസ്ഥാനത്ത് നിർമ്മാണ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന രൂക്ഷമായ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കണം. അസംസ്കൃത വസ്തുക്കളുടെ ക്ഷാമവും അമിതമായ വിലക്കയറ്റവുംമൂലം ഈ മേഖലയിലെ തൊഴിലാളികൾ തൊഴിൽ നഷ്ടവും സേവന-വേതന രംഗത്ത് ചൂഷണവും നേരിടുന്ന ഘട്ടത്തിൽ സർക്കാരും കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡും ഉണർന്ന് പ്രവർത്തിച്ച് തൊഴിലാളികളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തണം. ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട് എന്നിവ നിർബന്ധമാക്കിയതുമായി ബന്ധപ്പെട്ട കാരണങ്ങളാൽ ക്ഷേമനിധി അംഗത്വം പുതുക്കിനൽകുന്നില്ലെന്ന പരാതി പരിഹരിക്കണം. പരമാവധി പെൻഷൻ 600 രൂപയാക്കി നിജപ്പെടുത്തി സർവ്വീസ് അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഇല്ലാതാക്കുകയും രണ്ട് തവണയിൽ കൂടുതൽ അംശദായം അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയ തൊഴിലാളികളുടെ അംഗത്വം അപ്പീലിലൂടെ പുതുക്കാനുള്ള അവസരം എടുത്തുകളയുകയും

ചെയ്തിരിക്കുകയാണ്. എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം നൽകിയിട്ടില്ല. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ക്ഷേമനിധി ബോർഡ് രണ്ടുവർഷംമുമ്പ് സർക്കാരിന് സമർപ്പിച്ച വിവിധ ശിപാർശകളിന്മേൽ തീരുമാനമെടുക്കുകയും ആയിരക്കണക്കിന് അന്യസംസ്ഥാന തൊഴിലാളികൾകൂടി ഉൾപ്പെടുന്ന നിർമ്മാണ മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കുന്നതോടൊപ്പം തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിച്ച് അവ മുൻകാലപ്രാബല്യത്തോടെ നൽകാൻ അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യണം. സെസ് കളക്ഷൻ ഊർജ്ജിതപ്പെടുത്തി ക്ഷേമനിധി ബോർഡിനെ സാമ്പത്തികമായി ശക്തിപ്പെടുത്തണം. വിവിധ ട്രേഡ് യൂണിയനുകളുടെ യോഗം കൂടാനും കേരള നിർമ്മാണ തൊഴിലാളി സംയുക്ത സമര സമിതി നടത്തുന്ന സമരം അവസാനിപ്പിക്കാനും മുൻകയ്യെടുക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് സമർപ്പിച്ച ശിപാർശകൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്. ബോർഡിന്റെ റീ-ഓർഗനൈസേഷനും അനർഹരെ

ഒഴിവാക്കിയതിനുംശേഷം ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാമെന്ന ബോധപൂർവ്വമായ തീരുമാനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. പതിനഞ്ചര ലക്ഷം തൊഴിലാളികൾ ക്ഷേമനിധി ബോർഡിൽ അംഗങ്ങളാണ്. അതിനാൽ ക്ഷേമനിധിയിൽ അംഗങ്ങളെ ചേർത്തില്ലെന്നത് തെറ്റിദ്ധാരണയാണ്. അനർഹരായ പലരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ടെന്നതിനാൽ അർഹരായവർക്ക് ആഗ്രഹിക്കുന്ന നിലയിലുള്ള ആനുകൂല്യങ്ങൾ നൽകാൻ സാധിക്കുന്നില്ല. മിനിമം പെൻഷൻ 600 രൂപയാക്കി സർവ്വീസ് പെൻഷനടക്കം നൽകുന്നുണ്ട്. സെസ് കളക്ഷൻ ഊർജ്ജിതപ്പെടുത്തിയതിന്റെ ഭാഗമായി കഴിഞ്ഞ രണ്ട് വർഷവും സെസ് കളക്ഷനിൽ മുൻ വർഷങ്ങളേക്കാൾ ഇരട്ടി വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. അനർഹരെയും ഇടനിലക്കാരെയും ഒഴിവാക്കുന്നതിനാണ് ബാങ്ക് അക്കൗണ്ട്, ആധാർ കാർഡ് എന്നിവ നിർബന്ധമാക്കിയത്. ക്യാൻസർ രോഗ നിർണ്ണയം നടത്തുന്നതിന് ആർ.സി.സി.-യിലടക്കം ഇല്ലാത്ത ഉപകരണങ്ങളോടുകൂടി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ഡയഗ്നോസിസ് വിഭാഗം പുതുതായി ആരംഭിച്ച് എല്ലാ അംഗങ്ങൾക്കും സൗജന്യ പരിശോധന നൽകിയും മറ്റ് ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് നാമമാത്രമായ തുകയും മറ്റുള്ളവർക്ക്

അതിനേക്കാൾ ഉയർന്ന നിരക്ക് ഈടാക്കിയും പരിശോധന നട<u>ത്തു</u>ന്ന പദ്ധതിക്ക് അംഗീകാരം നൽകുകയാണ്. ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള നിർദ്ധനരായ ആയിരം തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനുള്ള ശിപാർശ നടപ്പിലാക്കുന്നതാണ്. അർഹരായവരെ കണ്ടെത്തി വ്യത്യസ്തമായ നിലയിലുള്ള ആനുകൂല്യം നൽകാനാണ് ഗവൺമെന്റ് പരിശ്രമിക്കുന്നത്. വിവിധ ട്രേഡ് യൂണിയനുകളുമായി നിരവധി തവണ ചർച്ച നടത്തിയിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം വിശദീകരിച്ച് കേരള നിർമ്മാണ തൊഴിലാളി സംയുക്ത സമരസമിതി നട<u>ത്തു</u>ന്ന സമരം അവസാനിപ്പിക്കാൻ എം.എൽ.എ. മുൻകയ്യെടുക്കണം. ഗവൺമെന്റ് ഭാഗ<u>ത്തു</u>നിന്ന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാൻ തയ്യാറാണ്.

## (2) <u>കോമൺവെൽത്ത് വീവിംഗ് ഫാക്ടറി</u>

<u>ശ്രീ. ഇ. കെ. വിജയൻ</u>: കോഴിക്കോട് ജില്ലയിലെ കോമൺവെൽത്ത് വീവിംഗ് ഫാക്ടറി സർക്കാർ ഏറ്റെടു<u>ത്തു</u>കൊണ്ട് സംസ്ഥാന നിയമസഭ 2012-ൽ പാസ്സാക്കിയ കോമൺവെൽത്ത് ട്രസ്റ്റ് കോഴിക്കോട് (അക്വിസിഷൻ ആന്റ് ട്രാൻസ്ഫർ) അണ്ടർടേക്കിംഗ് ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭ്യമാക്കാനുള്ള നടപടി ത്വരിതപ്പെടുത്തണം. തൊഴിലാളികൾക്ക് അർഹമായ

ആനുകൂല്യം ലഭ്യമാക്കാനും ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് നിലനിൽക്കുന്ന അവ്യക്തത മാറ്റിയെടുക്കാനും കഴിയണം. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി മലബാറിന്റെ ചരിത്ര സ്മാരകമായ കോൺവെൽത്ത് വീവിംഗ് ഫാക്ടറിയെ ഹെറിറ്റേജ് ഇൻഡസ്ട്രിയായി സംരക്ഷിച്ച് നിലനിർത്താനും ബില്ലിന് അംഗീകാരം നേടിയെടുക്കുന്നതിനുള്ള ചുമതല ഡൽഹിയിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥനെ ഏൽപ്പിക്കാനും തൊഴിലാളികൾക്ക് കെ.എസ്.ഐ.ഡി.സി. മുഖേന പ്രതിമാസം അയ്യായിരം രൂപ വീതം ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്താനും നടപടിയുണ്ടാകണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):</u> കോമൺവെൽത്ത് വീവിംഗ് ഫാക്ടറിയുടെ സംരക്ഷണം ഏറ്റെടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന ഓർഡിനൻസ് യു.ഡി.എഫ്. ഗവൺമെന്റ് ബില്ലായി അവതരിപ്പിച്ച് പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്. മന്ത്രിസഭാ തീരുമാന പ്രകാരം തൊഴിലാളികൾക്ക് പ്രതിമാസം അയ്യായിരം രൂപ വീതം കെ.എസ്.ഐ.ഡി.സി. മുഖേന മുടക്കം കൂടാതെ ലഭ്യമാക്കുന്നതിന്

ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കമേഴ്സ്യൽ ആവശ്യങ്ങൾക്ക് വിട്ടുനൽകാതെ പ്രസ്തുത സ്ഥാപനം ഹിസ്റ്റോറിക്കൽ മ്യൂസിയമായി നിലനിർത്താൻ തീരുമാനിച്ചിട്ടുണ്ട്. ബില്ലിന് അംഗീകാരം നേടിയെടുക്കാനുള്ള കാലതാമസം ഒഴിവാക്കി തൊഴിലാളികളുടെ ആനുകൂല്യം എത്രയും വേഗം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

## (1) വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): ഒമ്പതാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശയുടേയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ വർക്ക് സ്റ്റഡിയുടേയും അടിസ്ഥാനത്തിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത എസ്.എസ്.എൽ.സി. ആയി ഉയർത്താനും വില്ലേജ് ഓഫീസുകളിലെ കരം രസീത് എഴുതുവാനുള്ള അധികാരം അവർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഒമ്പതാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിരുന്ന പ്രകാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് വില്ലേജ് ഓഫീസുകളിലെ കരം രസീത് എഴുതുന്നതിന് അനുമതി നൽകുന്ന വിഷയം

സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ വിദ്യാഭ്യാസ യോഗ്യത എൽ.ഡി.സി.യുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയായ എസ്.എസ്.എൽ.സി.ക്ക് തുല്യമായി ഉയർത്തുന്നതും വില്ലേജ് ഓഫീസുകളിൽ കരം രസീത് എഴുതുന്നതിന് അനുമതി നൽകുന്നതും സംബന്ധിച്ച് പരിശോധിച്ച് എത്രയും വേഗം തീരുമാനമെടുക്കുന്നതാണ്.

## (2) കാപ്പക്സ് ഫാക്ടറികളുടെ സംരക്ഷണം

ശ്രീ. എ. എ. അസീസ്: കശുവണ്ടി വ്യവസായ രംഗത്തെ കാപ്പക്സ് ഫാക്ടറികൾ സുപ്രീം കോടതി വിധിപ്രകാരം സ്വകാര്യ ഉടമകൾക്ക് വിട്ടുകൊടുക്കേണ്ടി വന്നാലുണ്ടാകാവുന്ന ഗുരുതരമായ പ്രതിസന്ധിക്ക് പരിഹാരം കാണാനും തൊഴിലാളികളുടെ സംരക്ഷണം ഉറപ്പുവരുത്താനും ഇതുസംബന്ധിച്ച് ട്രേഡ് യൂണിയൻ നേതാക്കളുമായി കൂടിയാലോചന നടത്താനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കാപ്പക്സ് ഫാക്ടറികൾ സംബന്ധിച്ച് ട്രേഡ് യൂണിയൻ നേതാക്കന്മാരുടെ ഒരു യോഗം വിളിച്ച് എന്ത് നടപടി

സ്വീകരിക്കണമെന്നതിനെക്കുറിച്ച് കൂട്ടായി ആലോചിക്കാം. ഏറ്റെടുക്കൽ നിയമവുമായി ബന്ധപ്പെട്ട സുപ്രീം കോടതിയുടെ വിധിയെക്കുറിച്ച് നിയമപരമായി പഠിക്കേണ്ടിവരും. കൂടാതെ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കഴിയുമെങ്കിൽ ഈ നിയമസഭയുടെ കാലയളവിൽത്തന്നെ നിയമനിർമ്മാണം നടത്തുന്നതിനുള്ള ശ്രമം നടത്തുന്നതാണ്. നിരവധി വർഷങ്ങളായി കാപ്പക്സിന്റെ ഉടമസ്ഥതയിലായിരുന്ന ഫാക്ടറികൾ വിട്ടുകൊടുക്കാൻ സാധിക്കുകയില്ല. ഇതുസംബന്ധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

## (3) ചന്ദ്രബോസിന്റെ കൊലപാതകം

ശ്രീ. പി. എ. മാധവൻ: തൃശ്ശൂർ ശോഭാസിറ്റിയിലെ സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസിന്റെ കൊലപാതകത്തെക്കുറിച്ച് നടക്കുന്ന അന്വേഷണവുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ അകറ്റുന്നതിന് ചന്ദ്രബോസിന്റെ കുടുംബം ആവശ്യപ്പെട്ട പ്രകാരം പ്രസ്തുത കേസ് സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): അത്യന്തം പൈശാചികവും നിഷ്ഠൂരവും മനുഷ്യ മനസാക്ഷിയെ ഞെട്ടിപ്പിക്കുന്നതുമായ ഈ കൊലപാതകത്തിന് ഉത്തരവാദികളായവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരികയും അവർക്ക് കടുത്ത ശിക്ഷ വാങ്ങിക്കൊടുക്കുകയും ചെയ്യുക എന്നത്

ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. പോലീസ് കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിക്കെതിരെ ജില്ലാകളക്ടർ 'കാപ്പ' പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കേസിൽ വിജിലൻസ് അന്വേഷണത്തിനുപുറമേ പ്രതിയുടെ സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ച് എ.ഡി.ജി.പി. (ക്രൈം)യുടെ നേതൃത്വത്തിൽ ഇക്കണോമിക് ഒഫൻസ് വിംഗ് അന്വേഷണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുകയും അദ്ദേഹത്തിന്റെ ചികിത്സാ ചെലവ് വഹിക്കുകയും ചെയ്തതിനുപുറമെ മരണപ്പെട്ട വ്യക്തിയുടെ ഭാര്യയ്ക്ക് സർക്കാർ ജോലി നൽകുന്നതിനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത കേസ് ഇപ്പോൾ പോലീസ് നല്ല നിലയിൽ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഈ കേസ് സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന അഭിപ്രായം ബന്ധുക്കൾക്കുണ്ടെങ്കിൽ അവരുമായി ചർച്ച ചെയ്ത് അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (4) പോലീസ് മർദ്ദനം

ശ്രീ. കെ. കെ. നാരായണൻ: കഴിഞ്ഞ ജനുവരി മാസം 27-ാം തീയതി ബി.ജെ.പി.യുടെ ഹർത്താൽ ദിനത്തിൽ പെരുളശ്ശേരി-ചക്കരക്കല്ല് റോഡിലൂടെ നടന്നുപോകുകയായിരുന്ന എന്റെ മകനുൾപ്പെടെ നിരപരാധികളായ രണ്ട്

ചെറുപ്പക്കാരെ അതുവഴിവന്ന പോലീസുകാർ അകാരണമായി പിടിച്ച് മൃഗീയമായി മർദ്ദിച്ച സംഭവത്തിൽ അന്വേഷണം നടത്തി കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ശ്രീ. കെ. എം. മാണിയുടെ രാജി ആവശ്യപ്പെട്ട് ബി.ജെ.പി. പ്രവർത്തകർ ആഹ്വാനം ചെയ്ത ഹർത്താലിനെത്തുടർന്ന് ചക്കരക്കല്ല് പോലീസ് സ്റ്റേഷൻ പരിധിയിലെ ഐവർകുളം വിഷ്ണുക്ഷേത്രാശ്രമത്തിൽ വച്ച് ഡി.വൈ.എഫ്.ഐ. എടക്കാട് ബ്ലോക്ക് പ്രസിഡന്റും ശ്രീ. കെ. കെ. നാരായണൻ എം.എൽ.എ.യുടെ മകൻ ഉൾപ്പെടെ അമ്പതോളം പേർ ചേർന്ന് ബി.ജെ.പി. പ്രവർത്തകനായ വിപിനെ ദേഹോപദ്രവമേൽപ്പിക്കുകയും ഇയാളുടെ മോട്ടോർ സൈക്കിൾ കേടുവരുത്തുകയും ചെയ്തതിനെത്തുടർന്ന് ചക്കരക്കല്ല് പോലീസ് സബ് ഇൻസ്പെക്ടറും കൂട്ടരും സ്ഥലത്തെത്തി കൂടിനിന്ന സുനീഷ്, രാജേഷ് എന്നിവരെ അറസ്റ്റ് ചെയ്ത് കേസ് രജിസ്റ്റർ ചെയ്തു. ഇതേത്തുടർന്ന് ശ്രീ. കെ.കെ.നാരായണനും മറ്റ് പ്രമുഖ സി.പി.ഐ (എം) നേതാക്കളും സംഘടിതമായി പോലീസ് സ്റ്റേഷനിൽ എത്തി മുദ്രാവാക്യം വിളിക്കുകയും സബ് ഇൻസ്പെക്ടറെ

ദേഹോപദ്രവമേൽപ്പിക്കുകയും പോലീസ് സ്റ്റേഷൻ കൊടിമരത്തിൽ ഡി.വൈ.എഫ്.ഐ.യുടെ കൊടിനാട്ടുകയും സർക്കാർ വാഹനങ്ങളും ചെടിച്ചട്ടികളും ഉൾപ്പെടെ രണ്ടര ലക്ഷത്തോളം രൂപയുടെ നാശനഷ്ടം വരുത്തുകയും ചെയ്തു. കണ്ണൂർ ഡിവൈ.എസ്.പി. നേതാക്കളുമായി സംസാരിച്ച് സുനീഷിനേയും രാജേഷിനെയും വിട്ടയച്ചു. ഐവർകുളത്തുവച്ച് വിപിനെ ദേഹോപദ്രവമേൽപ്പിച്ചതിന് സുനീഷും രാജേഷും ഉൾപ്പെടെ അൻപതോളം ഡി.വൈ.എഫ്.ഐ പ്രവർത്തകരെയും കണ്ടാലറിയാവുന്ന 200-ഓളം സി.പി.ഐ.(എം) പ്രവർത്തകരെയും പ്രതികളാക്കി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷൻ ആക്രമിച്ചതിന്റെ പേരിൽ രതീഷ്, രജീഷ്, വിനയൻ, സംയോജൻ, രഞ്ജിത് എന്നീ പ്രതികളെ അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുണ്ട്. ശ്രീ. കെ. കെ. നാരായണൻ എം.എൽ.എ.യുടെ മകനെ പോലീസ് മർദ്ദിച്ചിട്ടുണ്ടെങ്കിൽ അക്കാര്യം ഗൗരവമായി പരിഗണിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

## (5) പ്രധാനാദ്ധ്യാപികയുടെ മരണം

ശ്രീ. എസ്. രാജേന്ദ്രൻ: ദേവികുളം മണ്ഡലത്തിലെ കുഞ്ചിത്തണ്ണി ഗവൺമെന്റ് ഹൈസ്കൂളിലെ പ്രധാനാദ്ധ്യാപികയുടെ മരണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ദുരൂഹതയെപ്പറ്റി അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി(ശ്രീ. രമേശ് ചെന്നിത്തല) : ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള കുഞ്ചിത്തണ്ണി ഗവൺമെന്റ് ഹൈസ്കൂളിലെ പ്രധാനാദ്ധ്യപികയായ കണ്ണൂർ മയ്യിൽ സ്വദേശിനി ഇ.പി. പുഷ്പലതയെ അഡ്മിനിസ്റ്റേറ്റീവ് അസിസ്റ്റന്റ് ശശിധരൻ ഭീഷണിപ്പെടുത്തുകയുണ്ടായി. മാനസികമായി തകർന്ന് സ്റ്റോക്ക് ബാധിച്ച പ്രധാനാദ്ധ്യാപികയെ കോലഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും രോഗാവസ്ഥ ഗുരുതരമായതിനെത്തുടർന്ന് ഇന്ന് രാവിലെ അവർ മരണപ്പെടുകയും ചെയ്തു. പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം ഗൗരവമായി കണക്കിലെടുത്ത് അന്വേഷണം നടത്തി ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

## (6) നൂറനാട്-പാറ്റൂർ കുടിവെള്ള പദ്ധതി

ശ്രീ. ആർ. രാജേഷ്: മാവേലിക്കര നിയോജകമണ്ഡലത്തിലെ നൂറനാട്-പാറ്റൂർ

കുടിവെള്ള പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): നൂറനാട്- ചുനക്കര സമീപ പഞ്ചായത്തുകൾക്കുള്ള ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ സ്രോതസ്സും കിണറും പമ്പ് ഹൗസും നിലവിലുള്ളതുതന്നെയാണ്. ഘട്ടം ഒന്നിന്റെയും രണ്ടിന്റെയും പൊതുഘടകമായ റാ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിച്ചുകഴിഞ്ഞു. 170 കുതിര ശക്തിയുള്ള രണ്ട് റാ വാട്ടർ പമ്പ് സെറ്റ് വിതരണം ചെയ്തുകഴിഞ്ഞു. ജലശുദ്ധീകരണ ശാലയുടെ നിർമ്മാണവും ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും 4.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല സംഭരണിയും ഇതിൽ നിന്നും ചുനക്കരയിലേയ്ക്കുള്ള 250 എം.എം. ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിനും പൂർത്തീകരിച്ചിട്ടുണ്ട്. 130 എച്ച്.പി. ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി 21,20,000 രൂപയുടെ ദർഘാസ് ക്ഷണിക്കുവാനുണ്ട്. നിലവിലുള്ള റാവാട്ടർ പമ്പ് സെറ്റിന് കാലപ്പഴക്കത്താൽ ബലക്ഷയം സംഭവിക്കുകയും ഭൂസ്ലാബ് ചോർന്നൊലിക്കുകയും കോൺക്രീറ്റ് പൊട്ടിയിളകി വീഴുന്ന സ്ഥിതിയിലുമായതിനാൽ 170 എച്ച്. പി. റാ വാട്ടർ പമ്പ്

സെറ്റ് സ്ഥാപിക്കുന്നതിന് മുന്നോടിയായി പമ്പ് ഹൗസ് പുനർനിർമ്മിക്കുന്നതിനാവശ്യമായ ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. ശുദ്ധീകരണ ശാലയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനത്തിനായി ഒരു സബ് സ്റ്റേഷൻ നിർമ്മിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഇതിനായി ചുറ്റുമതിൽ ഉൾപ്പെടെ 57 ലക്ഷം രൂപയും പമ്പ് സെറ്റിന് 21.2 ലക്ഷം രൂപയും ചേർത്ത് 78 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഈ പദ്ധതിക്ക് ഘട്ടം ഒന്നിൽ ലഭിച്ച 720 ലക്ഷം രൂപ പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്. ഘട്ടം രണ്ടിൽ ലഭിച്ച 425 ലക്ഷം രൂപയിൽ 415 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (7) നെല്ലിന്റെ സംഭരണവില

ശ്രീ. ഷാഫി പറമ്പിൽ: കേരളത്തിൽ നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 13 രൂപയായിരുന്ന നെല്ലിന്റെ സംഭരണ വില 2015 ആയപ്പോൾ 19

രൂപയായി വർദ്ധിപ്പിച്ചു. ഈ ഗവൺമെന്റ് എല്ലാ വർഷവും സംഭരണ വിലയിൽ ആനുപാതികമായ വർദ്ധനവ് നൽകിക്കൊണ്ടിരിക്കുകയാണ്. സംഭരണവിലയിനത്തിൽ കേന്ദ്ര ഗവൺമെന്റ് വിഹിതമായ 13.60 രൂപയും സംസ്ഥാന വിഹിതമായ 5.40 രൂപയും കൂട്ടിയാണ് 19 രൂപയായി വർദ്ധിപ്പിച്ചത്. സപ്ലൈകോയ്ക്ക് ഫണ്ട് ലഭിക്കാൻ കാലതാമസമുണ്ടാകുന്നതിനാലാണ് കർഷകർക്ക് സംഭരണ വില കൃത്യസമയത്ത് നൽകാൻ സാധിക്കാത്തത്. ഫെബ്രുവരി 15-ാം തീയതിവരെ സംഭരിച്ച നെല്ലിന്റെ മുഴുവൻ തുകയും കർഷകർക്ക് കൊടുത്തിട്ടുണ്ട്. സംഭരണവില വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## (8) നെടുമ്പ്രക്കാട്-വിളക്കുമരം പാലം

ശ്രീ. പി. തിലോത്തമൻ: നെടുമ്പ്രക്കാട്-വിളക്കുമരം പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഫണ്ട് നീക്കിവയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ചേർത്തല-അരൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെടുമ്പ്രക്കാട്-വിളക്കുമരം പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് 2004-ൽ ആണ്. ഭൂമി വാങ്ങുന്നതിനായി ആദ്യം 6 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. പിന്നീട് അത് 10

കോടി 80 ലക്ഷം രൂപയാക്കി മാറ്റി. രണ്ട് വർഷത്തിനിടയിൽ ഭൂമി ഏറ്റെടുക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ 2011-ൽ പ്രസ്തുത ഭരണാനുമതി ലാപ്സായിപ്പോയി. 2014-ലെ സർക്കാർ ഉത്തരവനുസരിച്ച് 2 കോടി രൂപ ഭൂമി എറ്റെടുക്കാൻ അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ ഭൂമി ലഭ്യമായിട്ടുണ്ട്. 25 കോടി രൂപയാണ് ഇപ്പോഴത്തെ എസ്റ്റിമേറ്റ്. അടുത്ത നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അത് അനുവദിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (9) റവന്യൂ ഡിവിഷൻ ഓഫീസ് മാറ്റി സ്ഥാപിക്കൽ

ശ്രീ. ജോസ് തെറ്റയിൽ: ജനസൗകര്യാർത്ഥം ഫോർട്ട് കൊച്ചിയിലെ റവന്യൂ ഡിവിഷൻ ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്ന് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ആലുവ, കൊച്ചി, കണയന്നൂർ, പറവൂർ തുടങ്ങിയ താലൂക്കുകൾ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷൻ ഓഫീസറുടെ അധികാരപരിധിയിൽ വരുന്നതാണ്. റവന്യൂ ഡിവിഷൻ ഓഫീസ് സ്ഥിതിചെയ്യുന്നത് എറണാകുളം ജില്ലയുടെ അതിർത്തിയായ ഫോർട്ട് കൊച്ചിയിലാണ്. എറണാകുളം ജില്ലയുടെ വടക്കേയറ്റത്തെ നിയോജകമണ്ഡലമായ ആലുവ, അങ്കമാലി തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷൻ ഓഫീസിൽ എത്തിച്ചേരുന്നതിന് ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട്

അനുഭവപ്പെടുന്നുണ്ട്. കൂട്ടായ ചർച്ചയ്ക്കുശേഷം വ്യക്തമായ തീരുമാനമെടുക്കുന്നതാണ്.

## (10) താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം

ശ്രീ. ബി.ഡി. ദേവസ്സി: ചാലക്കുടി താലൂക്ക് ഓഫീസിന് പുതിയ കെട്ടിടവും അനുബന്ധ ഓഫീസുകളും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): തൃശ്ശൂർ ജില്ലയിൽ പുതിയതായി രൂപീകരിച്ച ചാലക്കുടി താലൂക്ക് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് തൃശ്ശൂർ ജില്ലയിലെ പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തൃശ്ശൂർ ജില്ലാ കളക്ടർ മുഖാന്തിരം ലഭ്യമാക്കുകയും 2015-16-ൽ പ്രസ്തുത ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 5 കോടി രൂപയുടെ പ്രൊപ്പോസൽ ബഡ്ജറ്റ് ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിനായി പ്ലാനിംഗ് ബോർഡിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. താലൂക്ക്തലത്തിൽ പ്രവർത്തിക്കുന്ന താലൂക്ക് സപ്ലൈ ഓഫീസ്, ഡി.ഇ.ഒ ഓഫീസ്, എക്സൈസ് സർക്കിൾ ഓഫീസ്, സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്, ജോയിന്റ് രജിസ്ട്രാർ ഓഫീസ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഓഫീസ് തുടങ്ങിയ അനുബന്ധ ഓഫീസുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പാണ്.

## (11) ലിഫ്റ്റ് സൗകര്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: തൃശ്ശൂർ ജനറൽ ആശുപത്രിയിലെ പുതുതായി പൂർത്തീകരിച്ച ബ്ലോക്കിൽ ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): തൃശ്ശൂർ ജനറൽ ആശുപത്രിയിൽ 6 നിലകളുള്ള കെട്ടിടം പണിയുന്നതിനാവശ്യമായ അടിത്തറ പണിയുകയും 3 കോടി 45 ലക്ഷം രൂപ ചെലവിൽ മൂന്ന് നിലകൾ പൂർത്തീകരിക്കുകയും ചെയ്തു. അവശേഷിക്കുന്ന മൂന്ന് നിലകൾ പണിയുന്നതിനും ലിഫ്റ്റുകൾ സ്ഥാപിക്കുന്നതിനുമായി ഭരണാനുമതിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (12) ജീവനും സ്വത്തിനും സംരക്ഷണം

ശ്രീ. സി. മോയിൻകുട്ടി: മലയോര കുടിയേറ്റ മേഖലയിലുള്ളവരുടെ ജീവനും സ്വത്തിനും സംരക്ഷണവും കാട്ടുപന്നിയുടെ ആക്രമണത്തിൽ മരണമടഞ്ഞ ആളിന്റെ കുടുംബത്തിന് നൽകിയ നഷ്ടപരിഹാര തുകയായ 5 ലക്ഷം രൂപ വർദ്ധിപ്പിക്കുന്നതിനും തോക്കിന് ലൈസൻസ് നൽകുന്നതിനും പരിക്കേറ്റ ആളുകളുടെ ചികിത്സയ്ക്കുള്ള ചെലവും നഷ്ടപരിഹാരവും നൽകുന്നതിനുമുള്ള നടപടി

സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കാട്ടുപന്നിയുടെ ആക്രമണത്തിൽ മരണമടഞ്ഞ ആളിന്റെ കുടുംബത്തിന് വനം വകുപ്പിൽ നിന്നും 5 ലക്ഷം രൂപ അനുവദിച്ചിരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 5 ലക്ഷം രൂപ കൂടി അനുവദിക്കും. മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്ന ആളുകൾക്കാവശ്യമായ വൈദ്യസഹായം നൽകുന്നതിന് ജില്ലാകളക്ടറുടെ നേതൃത്വത്തിൽ നടപടികൾ എടുക്കുന്നുണ്ട്. തോക്ക് ലൈസൻസിന്റെ കാര്യത്തിൽ ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ നിബന്ധനയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് ജനങ്ങളെ രക്ഷിക്കുന്നതിന് നടപടിയെന്ന നിലയിൽ പന്നികളെ വെടിവയ്ക്കുന്നതിനുള്ള അവകാശം അതിന് വിധേയരാകുന്ന കർഷകർക്ക് നൽകിയിട്ടുണ്ട്. കാട്ടാനശല്യം തടയുന്നതിനായി വേലികെട്ടുന്നതിനും കിടങ്ങുകൾ കുഴിക്കുന്നതിനുമുള്ള നടപടികളെടുത്തിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): വനം വകുപ്പുമന്ത്രിയുമായി ആലോചിച്ചതിനുശേഷം തോക്ക് ലൈസൻസ് കൊടുക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്. കേന്ദ്ര നിയമത്തിന്റെ നിബന്ധനകളിലുള്ള ബുദ്ധിമുട്ടിനെക്കുറിച്ച് കേന്ദ്രത്തെ അറിയിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

**ക്രമപ്രശ്നം**

**ഡെപ്യൂട്ടി സ്പീക്കറുടെ രാജി**

ശ്രീ. മാത്യു റ്റി. തോമസ്: ഇന്നലെ അപരാഹ്നം മുതൽ ഡെപ്യൂട്ടി സ്പീക്കർ രാജിവച്ചിരിക്കുന്നുവെന്നാണ് ഞങ്ങൾക്ക് തന്നിരിക്കുന്ന ബുള്ളറ്റിനിൽ പറഞ്ഞിരിക്കുന്നത്. ഭരണഘടനയുടെ 179-ാം അനുച്ഛേദപ്രകാരം ഡെപ്യൂട്ടി സ്പീക്കർക്ക് രാജി വയ്ക്കണമെങ്കിൽ സ്വന്തം കൈപ്പടയിലെഴുതി ബഹുമാനപ്പെട്ട സ്പീക്കർക്ക് നൽകണം. എന്നാൽ ഇപ്പോൾ സ്പീക്കർ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. അതുകൊണ്ട് ഈ രാജിക്കത്ത് എങ്ങനെ, ആർക്ക് കൊടുത്തുവെന്ന് പറഞ്ഞാൽ ആ കാര്യത്തിലൊരു വ്യക്തതയുണ്ടാകുമായിരുന്നു. സ്പീക്കർ തെരഞ്ഞെടുപ്പിന്റെ തീയതി നിശ്ചയിച്ചതായി ഗവർണ്ണർ ഞങ്ങളെ അറിയിച്ചിട്ടില്ല. തെരഞ്ഞെടുപ്പ് ഷെഡ്യൂൾ പ്രഖ്യാപിച്ചതിനുശേഷം അത് മാറ്റാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കണം.

മി. പ്രോട്ടെം സ്പീക്കർ: 10.3.2015-ന് രാത്രി 7.50-ന് ഡെപ്യൂട്ടി സ്പീക്കർ തന്റെ

സ്ഥാനം രാജിവച്ചു. നിയമസഭാ സ്പീക്കറുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നതിനാൽ രാജിക്കത്ത് നിയമസഭാ സെക്രട്ടറിക്കാണ് നൽകിയത്. നിയമസഭാ ചട്ടം 7(1) പ്രകാരം 12.3.2015-ൽ നിയമസഭാ സ്പീക്കറുടെ തെരഞ്ഞെടുപ്പ് നടത്തുവാൻ ഗവർണ്ണർ ഉത്തരവ് പുറപ്പെടുവിക്കുകയും 682-ാം നമ്പർ ബുള്ളറ്റിൻ പ്രകാരം ഇലക്ഷൻ സംബന്ധിച്ച അറിയിപ്പ് അംഗങ്ങൾക്ക് നൽകുകയുമാണുണ്ടായത്. 12.3.2015-ന് സീറോ അവറിന്റെ ആരംഭത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നത് കൂടുതൽ ഉചിതമായിരിക്കുമെന്നതിനാലാണ് രാവിലെ 9.30 എന്ന് സമയം മാറ്റിയത്.

## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. പാലോട് രവി: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. നിയമസഭ ജനാധിപത്യത്തിന്റെ ശ്രീകോവിലാണ്. ജനകീയ സമരങ്ങളിലൂടെ കേരള മോഡൽ രൂപപ്പെട്ടുവന്നതിന് സംവൽസരങ്ങളായി നാം സാക്ഷ്യം വഹിക്കുകയാണ്. നിയമവിരുദ്ധവും ഭരണഘടനാവിരുദ്ധവും അടിസ്ഥാനരഹിതവും യുക്തിരഹിതവുമായ ആരോപണങ്ങളുടെ പേരിൽ നടത്തുന്ന സമരങ്ങൾ കേരളത്തിൽ വിജയിക്കില്ലെന്ന് തെളിയിച്ച സർക്കാരാണ് ഇത്. ധനകാര്യ വകുപ്പുമന്ത്രിയെ ബഡ്ജറ്റ് അവതരിപ്പിക്കാൻ അനുവദിക്കില്ല എന്ന നിലപാടിൽ നിന്നും പ്രതിപക്ഷം പിന്തിരിയണം. കോൺഗ്രസ്സിന് മാത്രമേ കോർപ്പറേറ്റ് ശക്തികളിൽ നിന്നും

രാജ്യത്തെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ. നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ പ്രഖ്യാപിച്ചിട്ടുള്ള അഗ്രിമാൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതിനാവശ്യമായ തുക വകയിരുത്തണം.

ശ്രീ. എ. കെ. ബാലൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. നയം തൊട്ടുതീണ്ടിയിട്ടില്ലാത്ത, ആവർത്തന വിരസതയുള്ള ഈ നയപ്രഖ്യാപന പ്രസംഗത്തിലൂടെ ഒരു ഭരണഘടനാ ദൗത്യം നിർവ്വഹിക്കുക മാത്രമാണ് ഗവർണ്ണർ ചെയ്തിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് ഇതിൽ പരാമർശിച്ചിട്ടില്ല. ആദിവാസികൾക്ക് ഭൂമി നൽകുന്നതിനോ ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് കുടിശികയുള്ള സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനോ പട്ടികജാതിക്കാർക്കാവശ്യമായ വീടുകൾ നിർമ്മിച്ചുനൽകുന്നതിനോ സർക്കാരിന് സാധിച്ചിട്ടില്ല. വൈദ്യുതി ചാർജ്ജ് അടിക്കടി വർദ്ധിപ്പിക്കുന്നതല്ലാതെ യു.ഡി.എഫ്. സർക്കാരിന് വൈദ്യുതിരംഗത്ത് പുതിയ ഒരു പദ്ധതിയും ആരംഭിക്കാൻ സാധിച്ചിട്ടില്ല. എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിന്റെ കാര്യത്തിൽ സർക്കാർ ഒളിച്ചുകളിക്കുകയാണ്.

ശ്രീ. സി. മോയിൻകുട്ടി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ദുർബ്ബല വിഭാഗങ്ങൾക്ക് വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനും 12 പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിനും 9 പുതിയ മെഡിക്കൽ കോളേജുകൾ

ആരംഭിക്കുന്നതിനും നേതൃത്വം നൽകിയ സർക്കാരാണിത്. കാരുണ്യ ലോട്ടറിമുഖേന പാവപ്പെട്ട രോഗികൾക്ക് സഹായമെത്തിക്കുന്നതിനും ഒരു ലക്ഷത്തോളം പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എല്ലാവിധ ആനുകൂല്യങ്ങൾ നൽകുന്നതിനും പ്രശംസനീയമായ വിധത്തിൽ ദേശീയ ഗെയിംസ് സംഘടിപ്പിക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. സ്മാർട്ട്സിറ്റി, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം തുടങ്ങിയ വൻകിട പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. പ്രതിസന്ധിയിലകപ്പെട്ട ചെറുകിട റബ്ബർ കർഷകരെ സഹായിക്കുന്നതിനും ക്ഷീരമേഖലയെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തുന്നതിനും മലബാറിൽ അനുവദിക്കപ്പെട്ട പോളിടെക്നിക്കിന് ആവശ്യമായ തുക വകയിരുത്തുന്നതിനും വയനാട് ചുരം ബദൽ റോഡ് യാഥാർത്ഥ്യമാക്കുന്നതിനും നടപടിയുണ്ടാകണം.

<u>ശ്രീ. പി. തിലോത്തമൻ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ബഡ്ജറ്റ് വിറ്റ് കാശുണ്ടാക്കുന്നയാളെന്ന ദുഷ്പേര് സമ്പാദിച്ച ശ്രീ. കെ.എം. മാണിയെ ബഡ്ജറ്റ് അവതരിപ്പിക്കാനായി നിയോഗിക്കുന്നത് കേരളത്തിന്റെ ജനാധിപത്യ പാരമ്പര്യത്തിനും ധാർമ്മികതയ്ക്കും നിരക്കുന്നതല്ല. സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കൊന്നും ഉത്തരം കണ്ടെത്താൻ കഴിയാത്ത നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ

കേരളത്തിലെ സജീവമായ ഒരു പ്രശ്നത്തെക്കുറിച്ചും പരാമർശിക്കുന്നില്ല. ലോകം മുഴുവൻ പ്രകീർത്തിച്ച കേരള മോഡൽ വികസന മാതൃകയിൽ നിർണ്ണായക പങ്ക് വഹിച്ച സേവന മേഖല തകർന്നുകൊണ്ടിരിക്കുകയാണ്. കയർ, കൈത്തറി, കള്ളുചെത്ത് തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖല തകർച്ചയെ നേരിടുകയാണ്. സോളാർ കേസിൽ തുടങ്ങി ബാർ കോഴ ഉൾപ്പെടെ കോടാനുകോടി രൂപയുടെ അഴിമതിയാണ് സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. തോമസ് ഉണ്ണിയാടൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഏവർക്കും അഭിമാനിക്കാവുന്ന തരത്തിൽ നാഷണൽ ഗെയിംസ് വൻവിജയമാക്കാൻ കേരളത്തിന് കഴിഞ്ഞു. കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം ഉൾപ്പെടെയുള്ള വൻകിട വികസന പദ്ധതികളുമായി സംസ്ഥാനം മുന്നോട്ടുപോകുന്നു. ആരോഗ്യ മേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിച്ചു. ക്യാൻസർ, വൃക്കരോഗം തുടങ്ങിയ മാരക രോഗങ്ങളുള്ളവർക്ക് 'കാരുണ്യ ബെനവലന്റ്' പദ്ധതിയിലൂടെ ആശ്വാസം നൽകി. ക്രമസമാധാന പാലനത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് 'ശുഭയാത്ര 2015' എന്ന പദ്ധതി ആരംഭിച്ചു. 2016-ഓടുകൂടി സ്കൂൾ-കോളേജ് ക്യാമ്പസ്സുകളുടെ പരിസരം ലഹരി വിമുക്ത മേഖലയാക്കും എന്ന് പ്രഖ്യാപിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓവർഡ്രാഫ്റ്റ് എടുത്തിട്ടില്ല. സാമ്പത്തിക

മാന്ദ്യവും കേന്ദ്ര നികുതി വിഹിതവും ധനസഹായവും കുറഞ്ഞതുകൊണ്ടു മാത്രമാണ് സാമ്പത്തിക ബുദ്ധിമുട്ട് നേരിടേണ്ടി വന്നത്. ചെക്ക് പോസ്റ്റുകളിൽനിന്നുള്ള വരുമാനം 51 ശതമാനമായി വർദ്ധിച്ചു. ഗവൺമെന്റ് പ്രതിനിധിയായ ധനകാര്യ വകുപ്പുമന്ത്രിക്ക് ബഡ്ജറ്റ് അവതരിപ്പിക്കാനുള്ള ധാർമ്മിക അവകാശമുണ്ട്.

ശ്രീ. എളമരം കരീം: നന്ദിപ്രമേയത്തെ എതിർക്കുന്നു. യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചത്. സംസ്ഥാനത്തെ കാർഷികമേഖലയിൽ യാതൊരു വികസന പ്രവർത്തനവും നടക്കുന്നില്ല. പരമ്പരാഗത മേഖലയിൽ തൊഴിലവവസരങ്ങൾ നഷ്ടപ്പെടുന്നതുമൂലം തൊഴിലാളികൾ പട്ടിണിയിലാണ്. മത്സ്യമേഖല ഇന്ന് പ്രതിസന്ധിയിലാണ്. യഥാസമയം സ്ഥലമേറ്റെടുത്ത് നൽകാൻ കഴിയാത്തതുകാരണം കേരളത്തിലെ റോഡ് വികസനം നിലച്ചിരിക്കുകയാണ്. ക്ഷേമപെൻഷനുകൾ യഥാസമയം വിതരണം ചെയ്യുന്നതിനോ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിനോ സർക്കാരിന് കഴിയുന്നില്ല. കെ.എസ്.ആർ.ടി.സി. യൂണിയൻ നേതാക്കളുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചയിലെടുത്ത തീരുമാനങ്ങൾ നടപ്പാക്കിയിട്ടില്ല. ബിവറേജസ് കോർപ്പറേഷന്റെ അടച്ചുപൂട്ടിയ ഔട്ട്ലെറ്റുകൾ തുറന്ന് പ്രവർത്തിപ്പിച്ചില്ലെങ്കിൽ തൊഴിലാളികൾ സമരത്തിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ടാകും.

ശ്രീ. എ. എ. അസീസ്: നയപ്രഖ്യാപനത്തെ അനുകൂലിക്കുന്നു. കേരളത്തിലെ മെഡിക്കൽ കോളേജുകളുടെ എണ്ണം വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. ഈ സർക്കാരിൽ നിന്നും ജനങ്ങൾക്ക് മാന്യമായ സേവനം ലഭിക്കുന്നുണ്ട്. ഈ ഗവൺമെന്റിന്റെ ക്ഷേമ പെൻഷനുകൾ മാതൃകാപരമാണ്.

ശ്രീ. പി. ഉബൈദുള്ള: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കാരുണ്യ ബെനവലന്റ് ഫണ്ട്, 'ഭൂരഹിതരില്ലാത്ത കേരളം' തുടങ്ങിയ ജനക്ഷേമകരമായ പദ്ധതികളുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. നാഷണൽ ഗെയിംസും റൺ കേരള റണ്ണും ചരിത്രസംഭവങ്ങളായി മാറിയിരിക്കുകയാണ്. റവന്യൂ അദാലത്തുകളിലൂടെ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാനുള്ള നടപടി സ്വാഗതാർഹമാണ്. പട്ടികജാതി മാനേജ്മെന്റിന്റെ കീഴിൽ കോളേജുകൾ അനുവദിക്കുകയും പുതിയ താലൂക്കുകളും വില്ലേജുകളും മെഡിക്കൽ കോളേജുകളും ആരംഭിച്ച് കൂടുതൽ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തത് പ്രശംസനീയമാണ്. മലപ്പുറം താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നതിനും മലപ്പുറം ടൗണിൽ ഒരു ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനും സർക്കാർ മേഖലയിലെ എൽ.പി/യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. പ്രൈമറി/കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും കിടത്തി ചികിത്സയ്ക്ക് സൗകര്യമൊരുക്കുകയും

ചെയ്യണം.

ശ്രീ. മാത്യു റ്റി. തോമസ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. അഴിമതിയും കെടുകാര്യസ്ഥതയും മുഖമുദ്രയാക്കിയ സർക്കാരാണിത്. സംസ്ഥാനത്ത് വികസന സ്തംഭനമുണ്ടായിരിക്കുകയാണ്. കുടിശ്ശികത്തുക നൽകാത്തതിനാൽ പുതിയ വർക്കുകൾ ഏറ്റെടുക്കാൻ കരാറുകാർ സന്നദ്ധമാകുന്നില്ല. കാർഷിക മേഖലയെ പുനരുദ്ധരിക്കുന്നതിനും നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കുന്നതിനും കാർഷിക നയം നടപ്പിലാക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടില്ല. കുളമ്പുരോഗംമൂലം കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിട്ടില്ല. നികുതി പിരിവിൽ 14,000 കോടി രൂപയുടെ കുടിശ്ശികയുണ്ടായിരിക്കുകയാണ്. തിരുവനന്തപുരം എക്സൈസ് റെയ്ഞ്ചിൽ രജിസ്റ്റർ ചെയ്യപ്പെട്ട 21 കേസുകളിൽ 17 എണ്ണം കോമ്പൗണ്ടിംഗ് ഫീസുപോലും വാങ്ങാതെ റഫർ ചെയ്തത് ആശാസ്യമല്ല.

ശ്രീ. ബെന്നി ബെഹനാൻ : നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. യു.ഡി.എഫ് സർക്കാരിന്റെ കഴിഞ്ഞ നാലുവർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിലയിരുത്തലാണ് ഈ നയപ്രഖ്യാപനത്തിലൂടെ ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ചിരിക്കുന്നത്. മൂലമ്പിള്ളി, ചെങ്ങറ ഭൂ സമരം, എൻഡോസൾഫാൻ വിഷയം എന്നിവ ഉൾപ്പെടെ എൽ.ഡി.എഫ്. ഭരണകാലത്ത് പരിഹരിക്കപ്പെടാതിരുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താൻ ഈ

സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സ്മാർട്ട് സിറ്റി, മെട്രോ റെയിൽ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം തുടങ്ങി പൂർത്തീകരിക്കപ്പെടാതിരുന്ന പല പദ്ധതികൾ ഏറ്റെടുത്ത് നടത്താനും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടക്കംകുറിച്ച നാഷണൽ ഗെയിംസ് വിജയകരമായി നടപ്പാക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നാനൂറ് കോടിയിലധികം രൂപ ചികിത്സാ ധനസഹായമായി വിതരണം ചെയ്യാനായത് എടുത്തുപറയേണ്ട കാര്യമാണ്. യുവജനങ്ങളുടെ കർമ്മശേഷിയേയും അറിവിനെയും പ്രയോജനപ്പെടുത്തി ആരംഭിക്കുന്ന സ്റ്റാർട്ടപ് വില്ലേജുകൾ ഉൾപ്പെടെ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളുടെയും വികസനം ലക്ഷ്യംവച്ചുകൊണ്ടാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): നന്ദിപ്രമേയത്തെ എതിർക്കുന്നു. ജനജീവിതം മെച്ചപ്പെടുത്തുന്നതിന് സഹായകമായ യാതൊരു പദ്ധതിയുമില്ലാത്ത പൊള്ളയായ നയപ്രഖ്യാപനമാണിത്. വിലക്കയറ്റംകൊണ്ട് പൊറുതി മുട്ടുന്ന ജനങ്ങൾക്ക് ആശ്വാസം പകരുന്ന നിർദ്ദേശങ്ങളൊന്നും നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിക്കാത്തത്

ഖേദകരമാണ്. ദേശീയ ഗെയിംസിന്റെ നടത്തിപ്പ് അഴിമതിയുടെ കൂത്തരങ്ങായി മാറി. ക്ഷേമപെൻഷൻ കുടിശ്ശികകൾ കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കർഷകർക്ക് ഗുണകരമാകുംവിധം വിപണി ഇടപെടൽ നടത്തുന്നതിനും സപ്ലൈ കോയുടെയും കൺസ്യൂമർ ഫെഡിന്റെയും ഔട്ട് ലെറ്റുകളിലൂടെ നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. ജിം, എമെർജിംഗ് കേരള, വിഷൻ 676 തുടങ്ങിയ വയെല്ലാം സ്വപ്നപദ്ധതികളായി മാറിയിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക ഭവനനിർമ്മാണ പാക്കേജ് നടപ്പിലാക്കുമെന്ന് പറയുന്ന സർക്കാർ മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിന്റെ ഫലമായി ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാൻ നടപടിയൊന്നും സ്വീകരിക്കുന്നില്ല. ബി. പി. എൽ. വിഭാഗത്തിൽപ്പെട്ട വിധവകൾക്കും അശരണർക്കും പുതിയ പാർപ്പിട നിർമ്മാണപദ്ധതി ആരംഭിക്കുന്നതോടൊപ്പം അവർക്ക് പെൻഷൻ കൊടുക്കുന്നതിനും നടപടി സ്വീകരിക്കണം. കെ.എസ്. ആർ.ടി.സി.

ജീവനക്കാരുടെ ശമ്പളവും പെൻഷനും യഥാസമയം കൊടുക്കാതെ പൊള്ളയായ വാഗ്ദാനങ്ങൾ നൽകി ജനങ്ങളെ കബളിപ്പിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. പുതുതായി സർവ്വകലാശാലകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനങ്ങൾ നടത്തുന്ന സർക്കാർ നിലവിലുള്ള സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം. മിനിമം വേജസ് ബിൽ കൊണ്ടുവരുന്നതിനൊപ്പം സമസ്ത മേഖലകളിലും മിനിമം വേജസ് ഉറപ്പാക്കണം. ഭൂരഹിതരായ ഗോത്രവർഗ്ഗക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതിനും അരിപ്പയിലെ ആദിവാസി ഭൂസമരം അവസാനിപ്പിക്കുന്നതിനും കയർമേഖലയെ സംരക്ഷിക്കുന്നതിനും യാതൊരു നടപടിയും സ്വീകരിക്കാതെ അഴിമതിയും കൊള്ളയും മുഖമുദ്രയാക്കിയ സർക്കാരാണ് യു.ഡി.എഫ്. സർക്കാർ എന്ന കാര്യത്തിൽ സംശയമില്ല.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>) : ദേശീയ ഗെയിംസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ആദ്യത്തെ എഗ്രിമെന്റ് വച്ചത് കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരാണ്. ഇന്ത്യയിൽ നടന്നതിൽവച്ച് ചെലവ് ചുരുങ്ങിയ ദേശീയ ഗെയിംസായി 35-ാമത് ദേശീയ

ഗെയിംസ് മാറുമെന്ന് മാത്രമല്ല, ഏറ്റവും കൂടുതൽ മെഡൽ സംസ്ഥാനത്തിന് ലഭിച്ചതും ഈ ഗെയിംസിലാണ്. ക്വാളിഫയിംഗ് മാർക്കിലേയ്ക്ക് എത്തിയ കുട്ടികൾക്ക് 2016-ൽ നടക്കുന്ന ഒളിമ്പിക്സിൽ പങ്കെടുക്കാനുള്ള സാധ്യത സൃഷ്ടിക്കാൻ ദേശീയ ഗെയിംസിലൂടെ സാധിച്ചു. ജേതാക്കളായ 263 കുട്ടികൾക്ക് ജോലി നൽകാനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും 8 കോടി രൂപയുടെ സമ്മാനത്തുക നൽകുകയും ചെയ്തിട്ടുണ്ട്. ഉദ്ഘാടന സമ്മേളനത്തിൽ നടന്ന ഒരു കലാപരിപാടി മാത്രമാണ് വിവാദമായത്. 2009-ൽ എൽ.ഡി.എഫ്. സർക്കാർ അംഗീകരിച്ച റെക്കോർഡിലും കലാപരിപാടി നടത്തണമെന്ന് തീരുമാനിച്ചിരുന്നു. നാഷണൽ ഗെയിംസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഏത് രൂപത്തിലുള്ള അന്വേഷണവും നേരിടാൻ സർക്കാർ തയ്യാറാണ്. ദേശീയ ഗെയിംഗ് വൻവിജയമാക്കി തീർക്കാൻ സാധിച്ചതിൽ ആത്മാഭിമാനമുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സ്പോർട്ട്സ് കൗൺസിൽ നടത്തിയ ലോട്ടറിയെക്കുറിച്ച് അന്വേഷണം നടത്താനുള്ള ആർജ്ജവം വിമർശനം ഉന്നയിക്കുന്ന പ്രതിപക്ഷത്തിന് ഉണ്ടോയെന്ന് വ്യക്തമാക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സപ്ലൈകോ നിത്യോപയോഗ

സാധനങ്ങളുടെ വില വർദ്ധിപ്പിച്ചുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിക്കാനുള്ള തീരുമാനം എടുത്തുവെന്ന പ്രചരണം ശരിയല്ല. ഇരുപത് മുതൽ മുപ്പത് ശതമാനം വരെ വിലക്കുറവിൽ സബ്സിഡി സാധനങ്ങൾ സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിൽ ലഭ്യമാണ്. ഏതു പ്രദേശത്താണ് നിത്യോപയോഗ സാധനങ്ങൾ ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ആലപ്പുഴ മുനിസിപ്പാലിറ്റിയിൽപ്പെട്ട രണ്ട് ചെറുപ്പക്കാർ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുകയും അമിതവേഗത്തിൽ വാഹനമോടിച്ച് പരിസരവാസികളെ ഭയപ്പെടുത്തുകയും തടയാൻ ചെന്നവരെ അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്നുള്ള പരാതി ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ഫറോക്കിൽ ഒരു യുവതി ആത്മഹത്യ ചെയ്തത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ കണ്ടെത്താനുള്ള ഊർജ്ജിതമായ ശ്രമം നടത്തിവരികയാണ്. പാറക്കടവ് സ്കൂളിൽ നാല് വയസ്സ് മാത്രം പ്രായമുള്ള

കുട്ടിയ പീഡിപ്പിച്ചവരെ കണ്ടെത്തുന്നതിനുള്ള അന്വേഷണം നടക്കുകയാണ്. അന്വേഷണത്തിന്റെ ആദ്യഘട്ടത്തിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ രൂപപ്പെട്ട സന്ദർഭത്തിൽ അന്വേഷണം ക്രൈം ബ്രാഞ്ചിന് വിടുകയും ഡി.വൈ.എസ്.പി. തലത്തിൽ അന്വേഷണം നടത്തിവരികയുമാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): തിരുവനന്തപുരം റേഞ്ചിൽ എക്സൈസുമായി ബന്ധപ്പെട്ട് ഇരുപത്തിയൊന്ന് കേസുകൾ എടുത്തതിൽ പതിനേഴ് കേസുകൾ കോടതിയിൽ റെഫർ ചെയ്തിട്ടുള്ളത് അബ്കാരി ആക്ട് അനുസരിച്ച് ഡെപ്യൂട്ടി കമ്മീഷണർമാർ നിർവ്വഹിക്കുന്ന ജോലിയാണ്. പ്രസ്തുത കേസുകളിൽ പിഴ ഒടുക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതി അവതാളത്തിലായി എന്ന ആരോപണം അടിസ്ഥാനരഹിതമാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 9173 വീടുകൾ നിർമ്മിച്ചുനൽകുകയും വീട് നിർമ്മിക്കാനുള്ള ധനസഹായം രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും വീട് റിപ്പെയറിംഗിനായി അമ്പതിനായിരം രൂപ വീതം രണ്ടായിരം കുടുംബങ്ങൾക്കും ടോയ്ലെറ്റ് നവീകരണത്തിനായി 12,000 കുടുംബങ്ങൾക്ക് ഗ്രാന്റും നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച എല്ലാ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. പ്രതിപക്ഷത്തുനിന്നും ഉയർന്നുവന്ന ക്രിയാത്മകമായ വിമർശനങ്ങൾ ഗവൺമെന്റിന്റെ പ്രവർത്തനത്തിന് കൂടുതൽ പ്രചോദനം നൽകും. എല്ലാ കാര്യത്തിലും നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്നത് ഉപേക്ഷിക്കാനും യാഥാർത്ഥ്യം ഉൾക്കൊള്ളാനും പ്രതിപക്ഷം തയ്യാറാകണം. വിലക്കയറ്റം നിയന്ത്രിക്കുന്ന കാര്യത്തിൽ പോരായ്മയുണ്ടായിട്ടുണ്ട്. വികസനവും കരുതലും എന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ മുഖമുദ്ര അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമാക്കി മുന്നോട്ടുപോകാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത തുടങ്ങിയ വൻകിട പദ്ധതികളെല്ലാം സമയബന്ധിതമായി യാഥാർത്ഥ്യമാക്കാനുള്ള ശ്രമത്തിലാണ്. മാറുന്ന ലോകത്തിനനുസരിച്ചുള്ള വികസന പരിപാടികളുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. 650.37 കോടി രൂപ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ കാരുണ്യ ലോട്ടറി വഴി പാവപ്പെട്ട രോഗികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഒരു രോഗിക്ക് രണ്ട് ലക്ഷം രൂപവരെ ലഭിക്കുന്ന ഈ പദ്ധതിയിൽ ജനങ്ങൾക്ക് കൂടുതൽ

പ്രയോജനകരമായ രീതിയിൽ ചില മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 120.24 കോടി രൂപ നൽകിയപ്പോൾ ഈ ഗവൺമെന്റ് ഇതുവരെ 412 കോടി രൂപയാണ് വിതരണം ചെയ്തത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 120,316 പേരെ പി.എസ്.സി. വഴി നിയമിച്ചതിനുപുറമെ ആരോഗ്യ-വിദ്യാഭ്യാസ-പോലീസ് വകുപ്പുകളിലായി ആകെ 22058 പുതിയ തസ്തികകൾ സൃഷ്ടിച്ചു. കൂടാതെ ഫിസിക്കലി ചലഞ്ച്ഡായിട്ടുള്ള വ്യക്തികൾക്ക് മൂന്ന് ശതമാനം ജോലി സംവരണം നൽകുന്നതിനുപുറമേ ഈ വിഭാഗത്തിൽപ്പെട്ട 2677 ആളുകളെ പ്രത്യേകമായി നിയമിച്ചു. ജീവനക്കാരുടെ ഡി.എ. പെന്റിംഗ് ഇല്ലാതെ നൽകുന്നതിന് സാധിച്ചു. ശമ്പളക്കമ്മീഷൻ റിപ്പോർട്ട് സമയബന്ധിതമായി വാങ്ങുകയും അത് നടപ്പിലാക്കുകയും ചെയ്യുന്നതാണ്. ചെറുപ്പക്കാരായ ഉദ്യോഗാർത്ഥികളുടെയും അവരുടെ സംഘടനകളുടെയും അഭിപ്രായം ആരാഞ്ഞശേഷം അവരുടെ സമ്മതത്തോടുകൂടി മാത്രമെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കൂ. എക്സൈസ് റൂളിൽ മാറ്റം വരുത്തിക്കൊണ്ട് വിദേശത്തേക്കുപോലും കയറ്റുമതി ചെയ്യാൻ കഴിയത്തക്ക വിധത്തിൽ നീരയുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് കാർഷിക മേഖലയിൽ വലിയൊരു മാറ്റത്തിന് തുടക്കം കുറിച്ച എക്സൈസ് വകുപ്പിനെയും കൃഷിവകുപ്പിനെയും അഭിനന്ദിക്കുകയാണ്. നെല്ല്

സംഭരണത്തിന് ഇന്ന് നൽകുന്ന 19 രൂപയിൽ അഞ്ചര രൂപയും സംസ്ഥാന ഗവൺമെന്റിന്റെ സബ്സിഡിയാണ്. റബ്ബറിന്റെ വിലയിടിവ് പരിഹരിക്കുന്നതിന് സ്കീമുകൾ ആവിഷ്കരിക്കുന്നുണ്ട്. ആരോഗ്യമേഖലയിലും വിദ്യാഭ്യാസ മേഖലയിലും കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള ശ്രമം നടത്തുകയാണ്. കേരളത്തിന്റെ സ്വപ്നമായിരുന്ന ഐ.ഐ.റ്റി., മലയാളം സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല എന്നിവയൊക്കെ യാഥാർത്ഥ്യമാക്കാൻ സാധിച്ചു. 24 കോളേജുകൾ അനുവദിച്ചതിൽ 20 കോളേജുകളും ഗവൺമെന്റ് മേഖലയിലാണ് അനുവദിച്ചത്. കൂടാതെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഒറ്റ സ്ഥാപനം പോലും ഇല്ലാതിരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് നാല് എയ്ഡഡ് കോളേജിൽ മൂന്നെണ്ണം അനുവദിച്ചു. കെ.എസ്.ആർ.ടി.സി. നിയമനത്തിന് അഡ്വൈസ് മെമ്മോ ലഭിച്ച മുഴുവൻ ആളുകൾക്കും നിയമനം നൽകുന്നതിനുള്ള നടപടി എത്രയും വേഗം സ്വീകരിക്കുന്നതാണ്. മലയാളത്തിന് ശ്രേഷ്ഠഭാഷ പദവി നേടിയെടുക്കുന്നതിന് സാധിച്ചു. കേരളത്തിൽ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് നേടിയെടുക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോകും. ഇ ഡിസ്ട്രിക്ട് പദ്ധതി കേരളത്തിലെ പതിനാല് ജില്ലകളിലും ആരംഭിച്ചു. റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്ന് ഇതിനോടകം 24 ഇനം സർട്ടിഫിക്കറ്റുകളാണ് ഓൺലൈനായി വിതരണം ചെയ്തിട്ടുള്ളത്. കേരളത്തിൽ

ഐ.റ്റി. മേഖലയുടെ സേവനം പൊതുജനങ്ങൾക്ക് പ്രയോജപ്രദമാകുന്ന വിധത്തിൽ ആദ്യത്തെ ഡിജിറ്റൽ സ്റ്റേറ്റ് എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 1,16,205 കർഷകർക്ക് പട്ടയം വിതരണം ചെയ്യുകയും ഇനിയുള്ള ഒരു വർഷത്തിനുള്ളിൽ പരമാവധി കർഷകർക്ക് പട്ടയം വിതരണം ചെയ്യുകയെന്ന ലക്ഷ്യവുമായി മുന്നോട്ടുപോവുകയുമാണ്. കേരളത്തിന്റെ നേട്ടമായി മാറിയ നാഷണൽ ഗെയിംസിന്റെ നടത്തിപ്പിലുണ്ടായിട്ടുള്ള കുറ്റങ്ങളും കുറവുകളും അന്വേഷിക്കുന്നതിന് ഗവൺമെന്റ് സന്നദ്ധമാണ്. ക്രൈസിസ് മാനേജ്മെന്റ് കൈകാര്യം ചെയ്യുന്ന രീതിയിലാണ് ഈ ഗവൺമെന്റിനെ ജനങ്ങൾ വിലയിരുത്തുന്നത്. കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ കേരളത്തിലുണ്ടായിട്ടുള്ള പ്രശന്ങ്ങൾ നയപരമായി കൈകാര്യം ചെയ്യുന്നതിനും മുല്ലപ്പെരിയാർ ഡാം ഉയർത്തിയ തർക്കങ്ങളും പ്രശ്നങ്ങളും സമചിത്തതയോടെ നേരിടുന്നതിനും ഗവൺമെന്റിന് സാധിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ സഹകരണത്തോടുകൂടി ഇറാഖിൽ കഴിഞ്ഞിരുന്ന മലയാളി നഴ്സുമാരെ തിരികെ കൊണ്ടുവരുന്നതിന് മനുഷ്യസാധ്യമായ എല്ലാ കാര്യങ്ങളും ചെയ്തു. പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്ന ഇറ്റാലിയൻ നാവികരെ ഇന്ത്യൻ നിയമമനുസരിച്ച് വിസ്തരിക്കണമെന്ന കാര്യത്തിൽ ഗവൺമെന്റ് ഉറച്ചുനിന്നു.

എമർജിംഗ് കേരളയുടെ ഭാഗമായി പ്രഖ്യാപിച്ച സ്റ്റുഡന്റ് എൺട്രപ്രണർഷിപ്പ് പോളിസിയിലൂടെ ചെറുപ്പക്കാർക്ക് സ്വന്തമായി സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അവസരമൊരുക്കിക്കൊടുക്കുന്നതിൽ ഗവൺമെന്റ് വിജയിച്ചു. സ്റ്റാർട്ട്പ്പ് വില്ലേജുകൾ' എന്ന ആശയം ഇതിനോടകം ഇന്ത്യയ്ക്കുതന്നെ മാതൃകയായി മാറിയിട്ടുണ്ട്. ക്യാബിനറ്റ് വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ധനകാര്യ വകുപ്പുമന്ത്രി റവന്യൂറിക്കവറിക്ക് സ്റ്റേ കൊടുത്തിട്ടുള്ളത്. ബാർ കോഴ വിവാദം സംബന്ധിച്ച് നടക്കുന്ന വിജിലൻസ് അന്വേഷണത്തിൽ ലളിത കുമാരി കേസിലെ വിധിയനുസരിച്ചാണ് പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീ. കെ. എം. മാണിക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഗവൺമെന്റ് ഈ കേസിന്റെ ഒരു സ്റ്റേജിലും ഇടപെട്ടിട്ടില്ല. ശ്രീ. കെ. എം. മാണി കുറ്റം ചെയ്തു എന്ന നിലയിലുള്ള ഒരു സാഹചര്യവും ഇതുവരെയുണ്ടായിട്ടില്ല. അതുകൊണ്ട് ശ്രീ. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിക്കാൻ പാടില്ല എന്നുള്ള നിലയിൽ നിന്ന് പ്രതിപക്ഷം പിന്മാറണം. ജനാധിപത്യ വ്യവസ്ഥിതിയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റിനെതിരെയുള്ള പ്രതിപക്ഷ നിലപാട് പുനഃപരിശോധിക്കണം. ശ്രീ. കെ.എം. മാണിയെക്കുറിച്ച് ഇവിടെ പറഞ്ഞ ആരോപണങ്ങളിൽ കഴമ്പില്ല.

കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന തെറ്റായ നയങ്ങൾക്കെതിരെ ശക്തമായ നിലപാടെടുത്തുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകും. മത്സ്യത്തൊഴിലാളികളെ

ബാധിക്കുന്ന മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിന്റെയും സി.ആർ.ഇസഡ്-ന്റെയും കാര്യത്തിൽ ശക്തമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഗോവധ നിരോധനം കേരളത്തിൽ നടപ്പാക്കുകയില്ല. ഭൂമി ഏറ്റെടുക്കൽ നിയമം റദ്ദാക്കാൻ നടത്തുന്ന കേന്ദ്ര സർക്കാരിന്റെ ശ്രമം കർഷക താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണ്. കേന്ദ്ര ഗവൺമെന്റ് കേരളത്തിന് അനുവദിച്ച ഐ.ഐ.റ്റി.യെ സ്വാഗതം ചെയ്യുന്നു. ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കേരളത്തിന് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. രാജ്യത്തിന്റെ താൽപ്പര്യത്തിനെതിരായ, മതേതരത്വത്തെ ചോദ്യം ചെയ്യുന്ന ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടാത്ത സമീപനത്തോട് ഒരിക്കലും യോജിക്കുന്നില്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. പി. അബ്ദു സമദ് സമദാനി അവതരിപ്പിച്ച നന്ദിപ്രമേയം ഒരാൾ നിഷ്പക്ഷത പാലിച്ചുകൊണ്ട് 63-നെതിരെ 71 വോട്ടുകളോടെ സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം 4.28-ന് പിരിഞ്ഞു.

......